**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3554** **14-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ എണ്ണക്കമ്പനികൾ ഈടാക്കുന്ന അധിക വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര പൊതുമേഖലാ എണ്ണക്കമ്പനികൾ കെ.എസ്.ആർ.ടി.സി. യിൽ നിന്നും ഈടാക്കുന്ന അധിക വിലയുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.<br><br>എന്നാൽ അധിക വില ഈടാക്കുന്നത് ഒഴിവാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പൊതു മേഖലാ എണ്ണ കമ്പനികളെ സമീപിച്ചിരുന്നു. ഇതിൽ അനുകൂല നിലപാട് ലഭ്യമാകാത്ത സാഹചര്യത്തിൽ പൊതു മേഖലാ എണ്ണ കമ്പനികൾക്ക് എതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ ഹർജി (WP(C) No.9414 of 2022 (B)) സമർപ്പിക്കുകയും അതിൻപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് വിപണി വിലയ്ക്ക് ഇന്ധനം നൽകണമെന്ന് ഒരു ഇടക്കാല വിധി നേടുകയും ചെയ്തിരുന്നു. ഈ ഇടക്കാല വിധിക്കെതിരെ പൊതുമേഖലാ എണ്ണ കമ്പനികൾ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചപ്പോൾ ഡിവിഷൻബെഞ്ച് ഇടക്കാല ഉത്തരവ് റദ്ദ് ചെയ്ത് Arbitration-ന് വിടുകയുണ്ടായി. ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ കെ..എസ്.ആർ.ടി.സി. ഫയൽ ചെയ്ത അപ്പീലിൽ Arbitration-നു വിടുന്ന തീരുമാനം മരവിപ്പിച്ചിരിക്കുകയാണ്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അനുകൂല സമീപനം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.<br><br>എന്നാൽ അധിക വില ഈടാക്കുന്നത് ഒഴിവാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പൊതു മേഖലാ എണ്ണ കമ്പനികളെ സമീപിച്ചിരുന്നു. ഇതിൽ അനുകൂല നിലപാട് ലഭ്യമാകാത്ത സാഹചര്യത്തിൽ പൊതു മേഖലാ എണ്ണ കമ്പനികൾക്ക് എതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ ഹർജി (WP(C) No.9414 of 2022 (B)) സമർപ്പിക്കുകയും അതിൻപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് വിപണി വിലയ്ക്ക് ഇന്ധനം നൽകണമെന്ന് ഒരു ഇടക്കാല വിധി നേടുകയും ചെയ്തിരുന്നു. ഈ ഇടക്കാല വിധിക്കെതിരെ പൊതുമേഖലാ എണ്ണ കമ്പനികൾ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചപ്പോൾ |

| | | | |
|---|---|---|---|
| | | | ഡിവിഷൻബെഞ്ച് ഇടക്കാല ഉത്തരവ് റദ്ദ് ചെയ്ത് Arbitration-ന് വിടുകയുണ്ടായി. ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ കെ..എസ്.ആർ.ടി.സി. ഫയൽ ചെയ്ത അപ്പീലിൽ Arbitration-നു വിടുന്ന തീരുമാനം മരവിപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ